**പത്രപ്രവർത്തകനും പരിസ്ഥിതി പ്രവർത്തകനുമായ
ശ്രീപഡ്രെയുടെ ജീവിതകഥ
വിഷമഴയിൽ പൊള്ളിയ മനസ്സ് കാസർഗോഡ് ജില്ലയിലെ
എൻഡോസൾഫാൻ ദുരന്തത്തിന് ഇരകളായവരുടെ
വേദനകളിലേക്കും പോരാട്ടങ്ങളിലേക്കും
വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നു**

# നൊമ്പരമായ് പെയ്ത വിഷമഴയും
# വേദന തുടച്ചെടുത്ത മനസ്സും

**കെ.പി. ജലീൽ**




സാമൂഹികസേവനത്തിന്റെ ഭാഗമാണ് രാഷ്ട്രീയപ്രവർത്തനവും പത്രപ്രവർത്തനവും പരിസ്ഥിതിപ്രവർത്തനവും എന്ന് പറയേണ്ടതില്ല. ഇതിലൊന്നിന് മറ്റൊന്നിനെ മാറ്റി നിർത്തി അസ്തിത്വമില്ല. ഗാന്ധിജി മുതൽ എത്രയോ പേർ ഇത് കാണിച്ചുതന്നതാണ്. സ്വജീവിതം കൊണ്ട് ഇത് സമർഥിച്ചയാളാണ് കാസർകോട് ജില്ലയിലെ എൻമകജെ പഞ്ചായത്തിലെ പഡ്രെ സ്വദേശി ശ്രീപഡ്രെ.

മലയാളിയാണെങ്കിലും ശ്രീപഡ്രെ അധികവും പ്രവർത്തിച്ചത് തന്റെ സംസ്കാരത്തിന്റെ ഭാഷയായ കന്നഡയിലും ഇംഗ്ളീഷിലുമായിരുന്നു. പത്ര ഉടമയായും സ്ഥിരം ജീവനക്കാരനായും സ്വതന്ത്രപത്രപ്രവർത്തകനായും തുടങ്ങി പരിസ്ഥിതിപ്രവർത്തകനായി അറിയപ്പെട്ട ശ്രീപഡ്രെയുടെ ജീവിതകഥനം ഡിസി ബുക്സാണ് വിഷമഴയിൽ പൊള്ളിയ മനസ്സ് എന്ന പേരിൽ 140 പേജുള്ള പുസ്തകമായി പ്രസിദ്ധീകരിച്ചത്. തന്റെ സാമൂഹിക നിലപാടുകൾ എല്ലാ രംഗത്തും വെട്ടിത്തുറന്ന് പറയാനും കടലാസുകളിലും വെബ്ബിലൂടെയും അവതരിപ്പിക്കാനും ശ്രീ കാട്ടിയ വിരുത് പൊതുപ്രവർത്തകർക്ക് മാതൃകയാണ്.

വിഷമഴ എന്ന തലക്കെട്ട് സൂചിപ്പിക്കുന്നത് കാസർകോട് ജില്ലയിലെ ഏതാനും പഞ്ചായത്തുകളിൽ ബാധിച്ച മാരകരോഗങ്ങൾക്കും ജീവച്ഛവങ്ങളായ മനുഷ്യരെ സൃഷ്ടിച്ചതിനും കാരണമായ എൻഡോസൾഫാൻ കീടനാശിനിയെക്കുറിച്ചാണ്. ഏതാണ്ട് ഒറ്റയാനായി പോരാട്ടം തുടങ്ങിയ പഡ്രെ ആദ്യകാലത്ത് നേരിട്ടത് പ്ലാന്റേഷൻ കോർപറേഷനിലെ ഉദ്യോഗസ്ഥരുടെയും അധികാരിവർഗത്തിന്റെയും ഭീഷണിയായിരുന്നു. പത്രപ്രവർത്തകരുടെ പിന്തുണയോടെ തന്റെ പോരാട്ടം വിജയിപ്പിച്ചെടുക്കാനായതാണ് പഡ്രെയെ ഇന്ന് ഈ രംഗത്തെ പ്രശസ്തനാക്കിയത്. എന്നിട്ടും പരിസ്ഥിതിപ്രവർത്തകനായി അറിയപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്ന് പഡ്രെ പറയുന്നു. മികച്ച ഗ്രാമീണറിപ്പോർട്ടിംഗിന് രണ്ടുതവണ സ്റ്റേറ്റ്സ്മാൻ അവാർഡും കർണാടകസർക്കാരിന്റെ രാജ്യോൽസവ അവാർഡും നേടിയ പഡ്രെ സ്വന്തം ഗ്രാമത്തിന്റെ പേര്